**1120**

1 ഞാൻ ചെയ്ത പാതകം എങ്ങനെ പോം? പാപനാശകൻ എവിടെയുണ്ട്?
ശ്രീയേശു രക്ഷകൻ പാപികൾക്കായ്-ക്രൂശിൽ പ്രാണനെ വിട്ടില്ലയോ?

കൊടുംപാപിയെന്നെ രക്ഷിപ്പാൻ രക്ഷിപ്പാൻ
കൊടുംപാപിയെന്നെ രക്ഷിപ്പാൻ ഹല്ലേലുയ്യാ
തിരുതലയിലവൻ മുൾമുടി ധരിച്ചാൻ കൊടുംപാപിയെന്നെ രക്ഷിപ്പാൻ

2 ലോകത്തിൻ പാപികൾ മോക്ഷം ചേരാൻ-അവൻ കണ്ണീരൊഴുക്കിയല്ലോ!
ദാഹിക്കുന്ന നരർ ജീവ ആറ്റിൽ ദാഹം തീർപ്പതിന്നായ് വരട്ടെ-

3 പാപിയാമെന്നുടെ പാപമോർത്തു-മനസ്താപത്തോടെ വന്നപ്പോൾ
കല്ലുള്ളം നീക്കി തൻ ആത്മാവിനാൽ തന്നു മാർദ്ദവമാം ഹൃദയം-

4 പാപികളേവർക്കും രക്ഷനൽകാൻ-അവൻ പ്രാപ്തനാം കർത്തനല്ലോ
പാപമുപേക്ഷിച്ചു കർത്തനിൽ നീ നമ്പു മോക്ഷം ചേരാം നിനക്കു-

5 ഇത്രഭാഗ്യം തന്ന യേശുവിന്നു-പ്രതി ഞാനെന്തുകൊടുക്കേണ്ടു-എന്റെ
പൂർണ്ണശക്തിയോടെ തൻനാമത്തെ എന്നും വാഴ്ത്തിപുകഴ്ത്തിടുമേ-
**J.E.**